# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 14** **website: www.uoc.ac.in**

---

**മാത്തമാറ്റിക്സ് പഠനവകുപ്പിൽ**
**ഫ്രോണ്ടിയർ പ്രഭാഷണം**

കാലിക്കറ്റ് സർവകലാശാലാ മാത്തമാറ്റിക്സ് പഠനവകുപ്പിന്റെ ഗോൾഡൻ ജൂബിലി വാർഷികത്തിന്റെ ഭാഗമായി ഫ്രോണ്ടിയർ പ്രഭാഷണം സംഘടിപ്പിക്കുന്നു. “ഇന്ത്യൻ മാത്തമറ്റിക്കൽ തോട്സ്: സം ഹൈലൈറ്റ്സ്” എന്ന വിഷയത്തിൽ ഐ.ഐ.ടി. ബോംബെയിലെ പ്രൊഫസർ ഡോ. കെ. രാമസുബ്രഹ്മണ്യം ഫ്രോണ്ടിയർ പ്രഭാഷണം നടത്തും. സെപ്റ്റംബർ 16-ന് രാവിലെ 10.30-ന് സർവകലാശാലാ ഇ.എം.എസ്. സെമിനാർ കോംപ്ലക്സിൽ നടക്കുന്ന പരിപാടി വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും. പ്രോ വൈസ് ചാൻസിലർ ഡോ. പി. റഷീദ് അഹമ്മദ് അധ്യക്ഷത വഹിക്കും, രജിസ്ട്രാർ ഡോ. സി.ഡി. സെബാസ്റ്റ്യൻ, സയൻസ് ഡീൻ ഡോ. എം.എം. മുസ്തഫ, പഠന വകുപ്പ് മേധാവി ഡോ. പി. സിനി, കോ - ഓർഡിനേറ്റർ ഡോ. പ്രീതി കുറ്റിപ്പുലക്കൽ തുടങ്ങിയവർ പങ്കെടുക്കും.

***പി.ആർ. 1312/2026***

**സർവകലാശാലയിൽ**
**അന്തർദേശീയ ഫോക്‌ലോർ സെമിനാർ**

കാലിക്കറ്റ് സർവകലാശാലാ സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ് അന്തർദേശീയ ഫോക്‌ലോർ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ത്രിദിന ഫോക്‌ലോർ സെമിനാറിന് തുടക്കമായി. പ്രോ വൈസ് ചാൻസിലർ ഡോ. പി. റഷീദ് അഹമ്മദ് ഉദ്ഘാടനം ചെയ്തു. സമൂഹത്തിന്റെ ജനകീയ അറിവും സാംസ്കാരിക സ്മൃതിയും ജീവിതാനുഭവങ്ങളും ഉൾക്കൊള്ളുന്നതാണ് ഫോക്‌ലോർ എന്നും പാരമ്പര്യത്തെ വായിക്കുന്നതിനൊപ്പം മാറുന്ന സാമൂഹിക ജീവിതത്തിൽ അതിന്റെ തുടർച്ചയും പരിവർത്തനവും തിരിച്ചറിയുക എന്നതും ഫോക്‌ലോർ പഠനത്തിന്റെ ദൗത്യമാണെന്നും അദ്ദേഹം പറഞ്ഞു. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാലാ രജിസ്ട്രാറും പ്രശസ്ത ഫോക്‌ലോർ പണ്ഡിതനുമായ ഡോ. കെ.എം. ഭരതൻ ആമുഖ ഭാഷണം നടത്തി. പഠനവകുപ്പ് മേധാവി ഡോ. സി.കെ. ജിഷ അധ്യക്ഷത വഹിച്ചു. അധ്യാപകരായ സിനിഷ് വേലിക്കുനി, ഡോ. കെ.എം. അരവിന്ദാക്ഷൻ, ഡോ. ഇർഷാദ് തടുങ്ങിയവർ സംസാരിച്ചു. സെപ്റ്റംബർ 16-നാണ് സമാപനം.

***പി.ആർ. 1313/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പരീക്ഷാഅപേക്ഷ**

എല്ലാ അവസരങ്ങളും നഷ്ടമായവർക്കുള്ള ( 1989 സ്കീം ആന്റ് സിലബസ് - 1991 മുതൽ 1999 വരെ പ്രവേശനം ) ബി.ടെക്. / പാർട്ട് ടൈം ബിടെക്. സോംയോജിത ഒന്നും രണ്ടും

സെമസ്റ്റർ, മൂന്നാം സെമസ്റ്റർ സെപ്റ്റംബർ 2026 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകൾക്ക് ഒക്ടോബർ 30 വരെ അപേക്ഷിക്കാം. നിർദ്ദിഷ്ട മാതൃകയിൽ പൂരിപ്പിച്ച അപേക്ഷ, അപേക്ഷിക്കുന്ന എല്ലാ സെമസ്റ്ററുകളിലെയും മാർക്ക് ലിസ്റ്റുകളുടെ പകർപ്പുകൾ, എട്ടാം സെമസ്റ്റർ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം " The Controller of Examinations, Special Supplementary Examination Unit, Pareeksha Bhavan, Calicut University, 673 635 " എന്ന വിലാസത്തിൽ ലഭ്യമാക്കണം.

***പി.ആർ. 1314/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പരീക്ഷാഫലം**

എം.എ. മ്യൂസിക് ( സി.ബി.സി.എസ്.എസ്. ) ഒന്നും മൂന്നും സെമസ്റ്റർ ( 2021 പ്രവേശനം ) സെപ്റ്റംബർ 2025, നാലാം സെമസ്റ്റർ ( 2020 പ്രവേശനം ) സെപ്റ്റംബർ 2024 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1315/2026***

**പരീക്ഷാഫലം**

ആറാം സെമസ്റ്റർ ബി.ആർക്. (2012 സ്കീം- 2016 പ്രവേശനം) ഏപ്രിൽ 2026 സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 28 വരെ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.ബി.എ. (സി.സി.എസ്.എസ്. - 2021, 2023 പ്രവേശനം) ഏപ്രിൽ 2026 സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1316/2026***

**പുനർമൂല്യനിർണയഫലം**

മൂന്നാം സെമസ്റ്റർ ബി.ടെക്. (2019 സ്കീം - 2020 മുതൽ 2023 വരെ പ്രവേശനം) നവംബർ 2025, (2014 സ്കീം - 2017, 2018 പ്രവേശനം) നവംബർ 2024 പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1317/2026***

**സൂക്ഷ്മപരിശോധനാഫലം**

ഒന്നാം സെമസ്റ്റർ എം.എസ് സി. ഹെൽത് ആന്റ് യോഗാ തെറാപ്പി (നോൺ സി.എസ്.എസ്.) ഡിസംബർ 2025 പരീക്ഷകളുടെ സൂക്ഷ്മപരിശോധനാഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1318/2026***